# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം: 4974 22.05.2017 ൽ മറുപടിയ്ക്ക്**

**സൗജന്യ യൂണിഫോം വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.ബാബു | | പ്രൊഫ സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സംസ്ഥാനത്തെ എത്ര ലക്ഷം വിദ്യാർത്ഥികൾക്കാണ് സൗജന്യമായി യൂണിഫോം വിതരണം നടത്താൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ; | എ) | 2017 18 അദ്ധ്യയന വർഷത്തിൽ യൂണിഫോം നൽകേണ്ട കുട്ടികളുടെ എണ്ണം, ആറാം പ്രവൃത്തി ദിവസത്തിനുശേഷം മാത്രമേ കൃത്യമായി കണക്കാക്കാൻ കഴിയൂ എന്നിരുന്നാലും ഏകദേശം 755297 കുട്ടികൾക്ക് യൂണിഫോം വിതരണം നടത്താൻ ഉദ്ദേശിക്കുന്നു. |
| ബി) | സ്കൂൾ വിദ്യാർത്ഥികളുടെ യൂണിഫോം വിതരണവുമായി ബന്ധപ്പെട്ട തുണിത്തരങ്ങൾ എതെല്ലാം മേഖലകളിൽ നിന്നുമാണ് കണ്ടെത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ; | ബി) | സംസ്ഥാനത്തെ കൈത്തറി മേഖലയിൽ നിന്നും 219151 കുട്ടികൾക്ക് യൂണിഫോം നൽകുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. ബാക്കി വരുന്ന കുട്ടികൾക്ക് അതാത് സ്കൂൾ തലത്തിൽ തന്നെയാണ് യൂണിഫോം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടത്. സ്കൂൾ മാനേജ്മെൻറ് കമ്മിറ്റികൾ എം.പാനൽ ചെയ്ത ബിഡ്ഡർമാരിൽനിന്നോ, ഗുണനിലവാരം ഉറപ്പുവരുത്തിക്കൊണ്ട് ഓപ്പൺ മാർക്കറ്റിൽ നിന്നോ ആണ് യൂണിഫോം വാങ്ങേണ്ടത് |
| സി | യൂണിഫോം വിതരണവുമായി ബന്ധപ്പെട്ട് നാളിതുവരെ എന്തെല്ലാം നടപടികളാണ് പൂർത്തീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ | സി) | സംസ്ഥാത്തെ സർക്കാർ മേഖലയിലെ 1 മുതൽ 4 വരെയും 1 മുതൽ 5 വരെയും മാത്രം പ്രവർത്തിക്കുന്ന സ്കൂളുകളിൽ ടി സ്കൂളുകൾ ആവശ്യപ്പെട്ടതനുസരിച്ചുള്ള കൈത്തറി യൂണിഫോം വിതരണം ചെയ്യുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.<br><br>1 മുതൽ 8 വരെയുള്ള ക്ലാസുകളിലെ സർക്കാർ/എയ്ഡഡ് മേഖലയിലെ കുട്ടികൾക്ക് മുൻവർഷങ്ങളിൽ നൽകി വന്നതുപോലെ 400/ രൂപ നിരക്കിൽ രണ്ട് ജോഡി യൂണിഫോമിനുള്ള തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ